प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi
.വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

നവംബർ 14, 2024

# വെസ്റ്റ് ബംഗാളിലെ 'ദി ജയ് നഗർ മോസിൽപുർ പീപ്പിൾസ് കോ-ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിന്' മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി

ഭാരതീയ റിസർവ് ബാങ്ക് "മുൻഗണന മേഖലാ വായ്പകൾ (പി.എസ്.എൽ) - ലക്ഷ്യങ്ങളും വർഗ്ഗീകരണവും" *എന്ന വിഷയത്തിൽ* പുറപ്പെടുവിച്ചിട്ടുള്ള ചില നിശ്ചിത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനും, കൂടാതെ *"പി എസ് എൽ ന്റെ ലക്ഷ്യ നിർവഹണത്തിൽ ഉണ്ടായ അപര്യാപ്തതയ്ക്കു പരിഹാരമായി മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസസ് (എം എസ് ഇ) ന്റെ പുനർനിക്ഷേപ ഫണ്ടിലേക്കുള്ള സഹായധനം നൽകൽ " എന്ന വിഷയത്തെ* സംബന്ധിച്ച് ആർ ബി ഐ പുറപ്പെടുവിച്ചിട്ടുള്ള ചില നിർദ്ദിഷ്ട മാർഗ്ഗരേഖകൾ പാലിക്കാത്തതിനും 2024 നവംബർ 11 ലെ ഉത്തരവു പ്രകാരം, വെസ്റ്റ് ബംഗാളിലെ 'ദി ജയ് നഗർ മോസിൽപുർ പീപ്പിൾസ് കോ-ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിന് (പ്രസ്തുത ബാങ്ക്) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി. ഐ), 6,34,000/- രൂപ (ആറു ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ 47എ(1)(സി) വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകൾ കൂട്ടിവായിച്ച പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

*പി എസ് എൽ ന്റെ 2022-23 സാമ്പത്തിക വർഷത്തിലെ (എഫ്.വൈ - FY) ലക്ഷ്യ നിർവഹണത്തിൽ ഉണ്ടായ അപര്യാപ്തതയ്ക്കു പരിഹാരമായി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ് ഐ ഡി ബി ഐ – SIDBI) യുടെ നിയന്ത്രണത്തിലുള്ള എം എസ് ഇ പുനർനിക്ഷേപ ഫണ്ടിലേക്ക് ഒരു നിശ്ചിത തുക നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ പ്രസ്തുത ബാങ്കിന് ആർബിഐ നല്കിയിരുന്നു. നിർദ്ദേശിച്ച തുക*

*നിക്ഷേപിക്കുന്നതിൽ വരുത്തിയ വീഴ്ച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബാങ്കിന്, ആവശ്യമായ തുക നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള താക്കീതു നൽകുന്ന കത്ത്, ആർബിഐ നൽകിയെങ്കിലും തുക നിക്ഷേപിക്കുന്നതിൽ പ്രസ്തുത ബാങ്ക് വീഴ്ച വരുത്തുകയുണ്ടായി.* മേൽപറഞ്ഞ നിർദ്ദേശ ലംഘനത്തിന്റെയും ഇതു സംബന്ധിച്ച അനുബന്ധ കത്തിടപാടുകളുടെയും അടിസ്ഥാനത്തിൽ, മേൽപറഞ്ഞ നിർദ്ദിഷ്ട നിർദ്ദേശങ്ങൾ പാലിക്കാത്തത്തിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ചു കൊണ്ട് , പ്രസ്തുത ബാങ്കിന് നോട്ടിസ് നൽകുകയുണ്ടായി.

നോട്ടിസിനുള്ള പ്രസ്തുത ബാങ്കിന്റെ മറുപടിയും, വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, *പി എസ് എൽ ന്റെ 2022-23 സാമ്പത്തിക വർഷത്തിലെ (എഫ്.വൈ - FY) ലക്ഷ്യ നിർവഹണത്തിൽ ഉണ്ടായ അപര്യാപ്തതക്കു പരിഹാരമായി, എസ് ഐ ഡി ബി ഐ – SIDBI യുടെ പരിപാലനത്തിലുള്ള എം എസ് ഇ പുനർനിക്ഷേപ ഫണ്ടിലേക്ക് നിർദ്ദിഷ്ട കാലയളവിനുള്ളിൽ നിക്ഷേപിക്കേണ്ടുന്ന നിശ്ചിത തുക, താക്കീതു നല്കി കൊണ്ടുള്ള കത്ത് നല്കിയത്തിനു ശേഷവും, പ്രസ്തുത ബാങ്ക് നിക്ഷേപിച്ചിട്ടില്ല* എന്ന കുറ്റം ചാർത്തൽ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ്: 2024-2025/1511**